# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6559** — **08/11/2016-ൽ മറുപടിക്ക്**

## സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ഗുണനിലവാരമില്ലാത്ത മരുന്നുകൾ

**ചോദ്യം**

**ശ്രീ.പി.കെ.ബഷീർ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

**എ)** സംസ്ഥാനത്ത് വിൽക്കപ്പെടുന്ന അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി, മറ്റ് ചികിത്സകൾ ഇവയുടെ മരുന്നുകളിൽ പല കമ്പനികളുടെയും മരുന്നുകൾ ഗുണനിലവാരമില്ലാത്തതാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**എ)** വ്യാപകമായ രീതിയിൽ മരുന്നുകളുടെ ഗുണനിലവാരം കുറഞ്ഞതായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന മരുന്നുകളിൽ 98% അന്യസംസ്ഥാനങ്ങളിൽ നിർമ്മിച്ച് ഇവിടെ വിതരണം ചെയ്യുന്നവയാണ്. കർശന ഗുണനിലവാര പരിശോധനകൾക്ക് ശേഷമാണ് നിർമ്മാതാക്കൾ ഓരോ ബാച്ച് മരുന്നുകളും വിപണിയിൽ എത്തിക്കുന്നത്. ഇത് ഡ്രഗ്സ് കൺട്രോൾ വകുപ്പ് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. വിപണിയിലെത്തിയ-ശേഷവും അവയുടെ ഷെൽഫ് ലൈഫ് കാലാവധിയിലുടനീളം ഗുണനിലവാരം നിലനിർത്തുന്നുണ്ടോ എന്ന് ഉറപ്പാക്കുന്ന-തിലേയ്ക്കായി റാൻറം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. തുച്ഛമായ ശതമാനം മരുന്നുകൾ മാത്രമാണ് ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്നത്.

**ബി)** എങ്കിൽ കേരളത്തിൽ വിതരണം ചെയ്യുന്ന ഏതെല്ലാം കമ്പനികളുടെ മരുന്നുകളാണ് ഗുണനിലവാര-മില്ലാത്തതാണെന്ന് കണ്ടെത്തി-യിട്ടുള്ളത്; വിശദാംശം നൽകുമോ; വിതരണക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

**ബി)** ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള മരുന്നുകളുടെയും, മരുന്നു കമ്പനികളുടെയും ലഭ്യമായ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഗുണനിലവാരം കുറഞ്ഞ മരുന്നുകളെ major/minor defects കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ major defects ആയി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ നിർമ്മാതാക്കൾക്ക് എതിരെ വകുപ്പ് സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി നിയമനടപടികൾ സ്വീകരിച്ചു-വരുന്നു. Minor defects ആയി റിപ്പോർട്ട് ചെയ്യപ്പെടുന്ന നിർമ്മാതാക്കളോട് വിശദീകരണം ആവശ്യപ്പെടുകയും തുടർ

അന്വേഷണം നടത്തി ഇവർക്ക് എതിരെ ലൈസൻസ് സസ്പെൻഷൻ, ലൈസൻസ് കാൻസലേഷൻ ഉൾപ്പെടെയുള്ള വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നു.

**സി)** സംസ്ഥാനത്ത് മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് അത്യാധുനിക ലാബുകൾ സ്ഥാപിക്കുന്നതിനും തദ്വാര മരുന്നു പരിശോധന വേഗത്തിൽ പൂർത്തിയാക്കുന്നതിനുമുള്ള അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

**സി)** സംസ്ഥാനത്ത് മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് തിരുവനന്തപുരത്തും എറണാകുളത്തും രണ്ട് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. മരുന്ന് പരിശോധനാ സംവിധാനം വിപുലപ്പെടുത്തുന്നതിനായി തൃശ്ശൂർ, കോന്നി, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ ലബോറട്ടറികൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്